(ബി) പഠനം നടത്തിയിട്ടുണ്ട്.

(സി) ചോദ്യം എ-യിൽ പറഞ്ഞിരിക്കുന്ന പഞ്ചായത്തുകളിലെ പ്രധാന കൃഷിക്കും പ്രസ്തുത കൃഷികൾക്ക് കൃഷിവകുപ്പ് നൽകുന്ന സഹായങ്ങളും ചുവടെ ചേർക്കുന്നു:

1. തെങ്ങ്: 1. ശാസ്ത്രീയ വളപ്രയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി രാസവളങ്ങൾ അടങ്ങിയ കിറ്റുകളുടെ വിതരണം.

2. ജൈവവളത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 50 ശതമാനം സഹായ നിരക്കിൽ പച്ചിലവളവിത്ത് വിതരണം.

3. തെങ്ങിൻതോട്ടങ്ങളിൽ ജലസേചന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പമ്പ്സെറ്റുകൾ സ്ഥാപിക്കുന്നതിനും കിണർ കുഴിക്കുന്നതിനും 5000 രൂപ നിരക്കിൽ ധനസഹായം.

4. നല്ലയിനം തെങ്ങിൻതൈകളുടെ വിതരണം.

2. കുരുമുളക്: 1. വേര് പിടിപ്പിച്ച കുരുമുളക് തൈകളുടെ വിതരണം.

2. കുരുമുളക് തൈകൾക്ക് ആവശ്യമായ രാസവളം, ജൈവവളം, ജൈവകീടനാശിനി എന്നിവയുടെ വിതരണം.

3. നെൽക്കൃഷി: 1. ഹെക്ടറിന് ഓരോ സീസണിലും 350 രൂപ നിരക്കിൽ ഉല്പാദന ബോണസ് നൽകുന്നു.

2. ഗ്രൂപ്പ് ഫാമിംഗ് പരിപാടി ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഹെക്ടറിന് 1000 രൂപ നിരക്കിൽ സഹായം.

4. പച്ചക്കറി: 1. ഹരിതസംഘങ്ങൾ വഴി പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കൽ.

2. വിദ്യാലയങ്ങളിൽ പച്ചക്കറി പ്രോത്സാഹിപ്പിക്കൽ.

യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടെ സ്ഥാപിച്ച പച്ചക്കറി മാർക്കറ്റ്

77 [3355] ശ്രീ. എ. സുജനപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂറോപ്യൻ ഇക്കണോമിക് കമ്മ്യൂണിറ്റിയുടെ ധനസഹായത്തോടെ കോഴിക്കോട് നഗരത്തിൽ സ്ഥാപിച്ചിട്ടുള്ള പച്ചക്കറി മാർക്കറ്റിന്റെ പ്രവർത്തനം തുടങ്ങാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്: വിശദവിവരങ്ങൾ വെളിപ്പെടുത്തുമോ;

(ബി) ഈ പച്ചക്കറി മാർക്കറ്റ് സ്ഥാപിക്കുന്നതിനുവേണ്ടി ഇ.ഇ.സി.-യിൽനിന്നും എത്ര സഹായം ലഭിച്ചു;

(സി) ഇത് ഗ്രാന്റാണോ, ലോണാണോ എന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പച്ചക്കറി മാർക്കറ്റ് തുറന്ന് പ്രവർത്തിക്കാൻ എന്ന് കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഇ) കാലതാമസം ഒഴിവാക്കി മാർക്കറ്റിന്റെ പ്രവർത്തനം ആരംഭിക്കാൻ അടിയന്തിര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കോഴിക്കോട് ജില്ലയിൽ സ്ഥാപിച്ചിട്ടുള്ള വേങ്ങേരി മൊത്ത വ്യാപാര വിപണിയുടെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലാത്തതിനാൽ വിപണി പ്രവർത്തികമാക്കാൻ സാധിച്ചിട്ടില്ല.

(ബി) ഈ മാർക്കറ്റിന്റെ നിർമ്മാണത്തിന് ഇതുവരെ 10.35 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. ഈ മാർക്കറ്റ് സംസ്ഥാനത്ത് ഇ.ഇ.സി.-യുടെ ധനസഹായത്തോടുകൂടി നിർമ്മിച്ച ആറ് മാർക്കറ്റുകളുടെ നിർമ്മാണത്തിന് ആകെ 64.36 കോടി രൂപ ചെലവാക്കിയതിൽ 32.38 കോടി രൂപ ഇ.ഇ.സി.-യുടെ ധനസഹായമാണ്.

(സി) കേന്ദ്രസർക്കാർ അഡീഷണൽ കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് ഈ പദ്ധതിക്ക് സംസ്ഥാന സർക്കാരിന് ധനസഹായം അനുവദിച്ചിട്ടുള്ളത്. ഇത് 70% ലോണും 30% ഗ്രാന്റുമാണ്.

(ഡി) വൈദ്യുതി ലഭിച്ചാലുടൻ പ്രവർത്തനം ആരംഭിക്കുന്നതാണ്.

(ഇ) ഈ മാർക്കറ്റിന്റെ നിർമ്മാണം ഏറ്റെടുത്ത കോഴിക്കോട് വികസന അതോറിറ്റിയും വൈദ്യുത ബോർഡുമായി മിനിമം ചാർജ്ജ് തുകയിലുള്ള തർക്കത്തിൽ ചർച്ച നടത്തി തീരുമാനത്തിലെത്താൻ നടപടി സ്വീകരിക്കുന്നതാണ്.

കേരളത്തിൽ ജൈവകൃഷി ചെയ്യുന്ന കൃഷിയിടത്തിന്റെ വിസ്തൃതി

78 [3357] ശ്രീ. ബിനോയ് വിശ്വം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജൈവകൃഷി ചെയ്യുന്ന കൃഷിയിടത്തിന്റെ വിസ്തൃതി എത്രയെന്നും ഏതെല്ലാം വിളകളാണ് ജൈവകൃഷി ചെയ്യുന്നതെന്നും അവ ഓരോന്നിന്റെയും വിസ്തൃതി എത്രയെന്നും ഇനം തിരിച്ച് അറിയിക്കാമോ; ഇവ ഏതെല്ലാം താലൂക്കിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ജൈവകൃഷി ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കറ്റ് നൽകാനുള്ള എന്തെങ്കിലും അന്തർദ്ദേശീയ നിലവാരമുള്ള ഏജൻസി സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ അത് സംബന്ധിച്ച് വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവകൃഷിയിലൂടെ ഉല്പാദിപ്പിച്ച ഏതെല്ലാം ഉല്പന്നങ്ങൾ വിദേശത്തേക്ക് കയറ്റുമതി ചെയ്യുന്നുണ്ട്; അവയുടെ അളവും ഡോളർമൂല്യവും എത്രവീതമാണെന്ന് അറിയിക്കാമോ;

(ഡി) ഇടുക്കി, വയനാട് ജില്ലകളെ ജൈവകൃഷി ജില്ലകളായി പ്രഖ്യാപിക്കുകയും ആ ജില്ലകളിൽ മാരകമായ രാസകീടനാശിനികളുടേയും രാസകുമിൾ നാശിനികളുടേയും കളനാശിനികളുടേയും വിതരണവും ഉപയോഗവും നിരോധിക്കുവാൻ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly